**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 824** **17-09-2025 - ൽ മറുപടിയ്ക്ക്**

**തുറമുഖ വകുപ്പ് മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ തുറമുഖ വകുപ്പ മുഖേന വടകര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | വടകര തുറമുഖത്ത് വടകര തുറമുഖ ഓഫീസിലെ സ്റ്റെയർകെയ്സിന്റെ മേൽക്കൂരയിലെ താൽക്കാലിക ഷീറ്റ് ശോചനീയാവസ്ഥയിലായത് മാറ്റി ചോർച്ച പരിഹരിക്കുന്നതിന് 2.73 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, ഷീറ്റ് മാറ്റി കോൺക്രീറ്റ് മേൽക്കൂര പണിയുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ പ്രസ്തുത നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | വടകര തുറമുഖ ഓഫീസിന്റെ പരിധിയിലുള്ള കസ്റ്റംസ് റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 76.50 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എൻജിനീയറിങ് വകുപ്പ് കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഈ സർക്കാരിന്റെ കാലയളവിൽ, ആരംഭിച്ച ശേഷം പൂർത്തീകരിക്കാത്ത പദ്ധതികൾ വടകര നിയോജക മണ്ഡലത്തിൽ ഇല്ല. |
| (സി) | ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണ് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാകുമോ; | (സി) | വടകര തുറമുഖ ഓഫീസിന്റെ പരിധിയിലുള്ള കസ്റ്റംസ് റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 76.50 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എൻജിനീയറിങ് വകുപ്പ് കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഈ സർക്കാരിന്റെ കാലയളവിൽ, ആരംഭിച്ച ശേഷം പൂർത്തീകരിക്കാത്ത പദ്ധതികൾ വടകര നിയോജക മണ്ഡലത്തിൽ ഇല്ല. |
| (ഡി) | ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള | (ഡി) | കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികൾ വടകര നിയോജകമണ്ഡല പരിധിയിൽ ഇല്ല. |

<table>
<tr><td></td><td>കേന്ദ്ര-സംസ്ഥാന - തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണ്;</td><td></td><td></td></tr>
<tr><td>(ഇ)</td><td>ഇക്കാലയളവിൽ പ്രസ്തുത നിയോജകല മണ്ഡലത്തിനായി വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?</td><td>(ഇ)</td><td>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച താഴെപ്പറയുന്ന പദ്ധതികളുടെ തുക ഈ സർക്കാരിന്റെ കാലത്താണ് നൽകിയത്.
<table>
<tr><th>ഭരണാനുമതി ലഭിച്ച വർഷം</th><th>പ്രവൃത്തി പൂർത്തീകരിച്ച വർഷം</th><th>ഇനം</th><th>തുക</th></tr>
<tr><td>2020</td><td>2022</td><td>വടകര തുറമുഖ ഓഫീസ് കെട്ടിടത്തിന്റെ കോമ്പൗണ്ടിന് ചുറ്റുമതിൽ നിർമ്മാണം</td><td>10,86,512/</td></tr>
<tr><td>2020</td><td>2023</td><td>വടകര തുറമുഖ ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണം</td><td>22,21,886/</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ